**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**<u>പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനകാലം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5494. 18/11/2019-ൽ മറുപടിക്ക്**

| **ചോദ്യം**<br>**ശ്രീ.ഐ.ബി. സതീഷ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനകാലം സർവ്വീസായി സർക്കാർ പരിഗണിച്ചപ്പോൾ 2010 ന് മുൻപ് വിരമിച്ചവർക്ക് ഈ ആനുകൂല്യം നിഷേധിച്ചിരുന്നതിനാൽ അതിനെതിരെ സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും വിധിയിന്മേൽ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | കേരള പോലീസ് പെൻഷനേഴ്സ് വെൽഫയർ അസോസിയേഷൻ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച O.A.115/18-ന്റെ അന്തിമവിധിയിൽ ഇത് സംബന്ധിച്ച് മൂന്ന് മാസത്തിനകം തീരുമാനമെടുക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത വിധി നടപ്പിലാക്കാതെ പോലീസ് പരിശീലനം കഴിഞ്ഞ് മറ്റ് വകുപ്പുകളിൽ നിയമനം ലഭിച്ച് പോയവർക്ക് ഇതേ ആനുകൂല്യം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | 23/5/2016-ലെ സർക്കാർ ഉത്തരവ് (കൈ) നം. 160/2016/ആഭ്യ പ്രകാരം പോലീസ് സേനയിൽ പരിശീലനത്തിൽ പങ്കെടുത്ത് വിജയകരമായി പരിശീലനം പൂർത്തിയാക്കി പോലീസ് സേനയിൽ സേവനത്തിലേർപ്പെട്ട ശേഷം മറ്റ് സർവ്വീസുകളിൽ പോയവർക്ക് 1/7/2014-ൽ, 2014-ലെ ശമ്പള പരിഷ്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിൽ 200/- രൂപ പേഴ്സണൽ പേ, ശമ്പള പരിഷ്കരണത്തിനായി അനുവദിച്ചും, പരിശീലനകാലം പെൻഷനും, ശമ്പള പരിഷ്കരണത്തിന് വെയിറ്റേജിനും പരിഗണിച്ചും ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ